(ഡി) പുതിയ ജനവിഭാഗങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വകുപ്പിൽ പുതുതായി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുകയോ അധിക പ്രൊമോട്ടർമാരെ നിയമിക്കുകയോ ചെയ്തിട്ടില്ല. വകുപ്പിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലായി 5 ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളും അടിസ്ഥാന സൗകര്യങ്ങളും

241 (6692) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്ര കുടുംബങ്ങൾ ഉണ്ട് ; ഈ വിഭാഗങ്ങളിൽ എത്ര കോളനികൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 1072 കോളനികളിലായി 18823 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ഭവന നിർമ്മാണം, കുടിവെള്ളം, വൈദ്യുതീകരണം, റോഡ്, വീട് പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രസ്തുത കോളനികളിൽ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

വിവിധ പദ്ധതികൾക്കായി പി.ഡബ്ല്യു.ഡി-ക്ക് കൈമാറിയ തുക

242 (6693) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധപദ്ധതികളിലായി എത്ര കോടി രൂപ പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഓരോ പദ്ധതിയിനത്തിലും പി.ഡബ്ല്യു.ഡി.ക്ക് നൽകിയ തുകയുടെ ചെലവു വിവരങ്ങളുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് 24.24 കോടി രൂപയും ട്രി.ആർ.ഡി.എം. മുഖേന 14.33 കോടി രൂപയും പി.ഡബ്ല്യു.ഡി.യ്ക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം യഥാക്രമം അനുബന്ധം I , II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly